# Std. 4 - Chapter 11 - Revision - Main points

## പാഠം 11 — രോഗീലേപനം

| | ചോദ്യം | ഉത്തരം |
|---|---|---|
| **A** | **ചോദ്യങ്ങളും ഉത്തരങ്ങളും** | |
| 1 | ജനങ്ങൾ ആരെയാണ് കട്ടിലിൽ ചുമന്നുകൊണ്ട് ഈശോയുടെ അടുത്തുകൊണ്ടുവന്നത്? | ഒരു തളർവാതരോഗിയെ. |
| 2 | ജനക്കൂട്ടം നിമിത്തം തളർവാതരോഗിയെ ഈശോയുടെ അടുത്ത് എത്തിക്കാൻ കഴിയാഞ്ഞതിനാൽ അവർ എന്തു ചെയ്തു? | അവർ പുരയുടെ മുകളിൽ കയറി മേൽക്കൂര പൊളിച്ച് കട്ടിലോടെ രോഗിയെ ഈശോയുടെ അടുക്കലേക്ക് ഇറക്കി. |
| 3 | അവരുടെ വിശ്വാസം കണ്ട് ഈശോ തളർവാതരോഗിയോട് എന്താണ് പറഞ്ഞത്? | 'മകനേ, നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. എഴുന്നേറ്റ് നിന്റെ കിടക്കയുമെടുത്ത് നിന്റെ വീട്ടിലേക്ക് പോവുക.' |
| 4 | തളർവാതരോഗി കിടക്കയുമെടുത്ത് നടക്കുന്നത് കണ്ട് അത്ഭുതപ്പെട്ട ജനങ്ങൾ എന്ത് ചെയ്തു? | അവർ ദൈവത്തെ സ്തുതിച്ചു. |
| 5 | **1. പരസ്യജീവിതകാലത്ത് ഈശോ ആരെയൊക്കെയാണ് സുഖപ്പെടുത്തിയത്?** | കുഷ്ഠം, അന്ധത, ബധിരത തുടങ്ങി പലവിധ രോഗങ്ങളാൽ പീഡിതരായവരെയും അനേകം പിശാചുബാധിതരെയും ഈശോ തന്റെ പരസ്യജീവിതകാലത്ത് സുഖപ്പെടുത്തി. |
| 6 | രോഗികളെ സുഖപ്പെടുത്താനുള്ള ശക്തി ഈശോ ആർക്കാണ് നൽകിയത്? | തന്റെ ശിഷ്യന്മാർക്ക്. |
| 7 | ഈശോയുടെ കല്പനയനുസരിച്ച് പുറപ്പെട്ട ശിഷ്യന്മാർ എന്താണ് ജനങ്ങളോട് പ്രസംഗിച്ചത്? | അനുതപിക്കണം എന്ന് പ്രസംഗിച്ചു. |
| 8 | അപ്പസ്തോലന്മാർ രോഗികളെ സുഖപ്പെടുത്തിയത് എങ്ങനെയാണ്? | രോഗികളെ തൈലം പൂശി സുഖപ്പെടുത്തി. |
| 9 | രോഗീലേപനം എന്ന കൂദാശ നൽകാൻ തിരുസഭയ്ക്ക് അധികാരം ലഭിച്ചത് ആരിലൂടെയാണ്? | ശ്ലീഹന്മാരിലൂടെ (അപ്പസ്തോലന്മാരിലൂടെ). |
| 10 | രോഗീലേപനത്തെക്കുറിച്ച് തന്റെ ലേഖനത്തിൽ വ്യക്തമായി പഠിപ്പിക്കുന്ന ശ്ലീഹാ ആര്? | യാക്കോബ് ശ്ലീഹാ. |
| 11 | 'നിങ്ങളിൽ ആരെങ്കിലും രോഗിയാണെങ്കിൽ അവൻ സഭയിലെ ശ്രേഷ്ഠന്മാരെ വിളിക്കട്ടെ' എന്ന് പറഞ്ഞത് ആര്? | യാക്കോബ് ശ്ലീഹാ. |
| 12 | **2. രോഗീലേപനം എന്ന കൂദാശയെക്കുറിച്ച് യാക്കോബ് ശ്ലീഹാ നൽകുന്ന പ്രബോധനം എന്ത്?** | നിങ്ങളിൽ ആരെങ്കിലും രോഗിയാണെങ്കിൽ അവൻ സഭയിലെ ശ്രേഷ്ഠന്മാരെ വിളിക്കട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ തൈലാഭിഷേകം ചെയ്ത് അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. |
| 13 | വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിക്ക് എന്ത് നൽകുമെന്നാണ് യാക്കോബ് ശ്ലീഹാ പറയുന്നത്? | രോഗിയെ സുഖപ്പെടുത്തുകയും കർത്താവ് അവനെ എഴുന്നേൽപ്പിക്കുകയും ചെയ്യും. അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ മാപ്പു നൽകും. |

| | ചോദ്യം | ഉത്തരം |
|---|---|---|
| 14 | പാപമോചനവും രോഗസൗഖ്യവും നൽകി നമ്മുടെ ആത്മാവിനും ശരീരത്തിനും ആരോഗ്യം നൽകുന്ന കൂദാശ ഏത്? | രോഗീലേപനം. |
| 15 | **3. രോഗീലേപന കൂദാശ എന്നാലെന്ത്?** | പാപമോചനവും രോഗസൗഖ്യവും നൽകി നമ്മുടെ ആത്മാവിനും ശരീരത്തിനും ആരോഗ്യം നൽകുന്ന കൂദാശയാണ് രോഗീലേപനം. |
| 16 | 'ആരോഗ്യമുള്ളവർക്കല്ല രോഗികൾക്കാണ് വൈദ്യനെക്കൊണ്ട് ആവശ്യം' എന്ന് പറഞ്ഞത് ആര്? | ഈശോ. |
| 17 | രോഗീലേപന കൂദാശ പരികർമ്മം ചെയ്യുമ്പോഴുള്ള പ്രധാന അടയാളങ്ങൾ എന്തെല്ലാം? | കൈവയ്പ്പു പ്രാർത്ഥനയും വിശുദ്ധ തൈലം കൊണ്ടുള്ള ലേപനവും. |
| 18 | **4. രോഗീലേപന കൂദാശയിൽ എന്തിനുവേണ്ടിയുള്ള പ്രാർത്ഥനകളാണ് ഉള്ളത്?** | പ്രധാനമായും ആത്മാവിന്റെയും ശരീരത്തിന്റെയും വിശുദ്ധീകരണത്തിനും പാപമോചനത്തിനും സൗഖ്യത്തിനും വേണ്ടിയുള്ള പ്രാർത്ഥനകളാണ് ഉള്ളത്. രോഗിക്ക് ദൈവത്തിന്റെ കാരുണ്യം ലഭിക്കുവാനും, ഈശോയുടെ പീഡാനുഭവത്തോടു ചേർന്ന് രോഗത്തിന്റെ ക്ലേശങ്ങൾ സഹിക്കാനുള്ള ശക്തിക്കായും, ദൈവേഷ്ടമെങ്കിൽ രോഗസൗഖ്യം ലഭിക്കുവാനും വേണ്ടിയാണ് കാർമ്മികൻ പ്രാർത്ഥിക്കുന്നത്. |
| 19 | രോഗീലേപനം നൽകുമ്പോൾ ശരീരത്തിന്റെ ഏതൊക്കെ ഭാഗങ്ങളിലാണ് കാർമ്മികൻ തൈലം പൂശുന്നത്? | നെറ്റിയിലും കണ്ണുകളിലും ചെവികളിലും അധരങ്ങളിലും കൈകളിലും കാലുകളിലും. |
| 20 | ഈ കൂദാശവഴി രോഗിക്ക് എന്ത് സഹിക്കാനുള്ള ശക്തിയാണ് ലഭിക്കുന്നത്? | ഈശോയുടെ പീഡാനുഭവത്തോടു ചേർന്ന് രോഗത്തിന്റെ ക്ലേശങ്ങൾ സഹിക്കാനുള്ള ശക്തി. |
| 21 | ദൈവത്തിന് ഇഷ്ടമാണെങ്കിൽ രോഗീലേപന കൂദാശയിലൂടെ രോഗിക്ക് എന്ത് ലഭിക്കും? | രോഗസൗഖ്യം. |
| 22 | **5. രോഗികളോടുള്ള പ്രധാന ക്രൈസ്തവ ദൗത്യങ്ങൾ ഏവ?** | രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുക, രോഗികളെ സന്ദർശിച്ചു ആശ്വസിപ്പിക്കുക, അവരെ ശുശ്രൂഷിക്കുക എന്നിവയാണ് രോഗികളോടുള്ള നമ്മുടെ പ്രധാന ക്രൈസ്തവ ദൗത്യങ്ങൾ. |
| 23 | നമ്മുടെ രോഗാവസ്ഥകളിൽ സൗഖ്യദായകനായ ആരോടാണ് നാം പ്രാർത്ഥിക്കേണ്ടത്? | ഈശോയോട്. |
| **B.** | **പ്രധാന ബൈബിൾ വാക്യങ്ങൾ** | |
| 1 | നിങ്ങളിൽ ആരെങ്കിലും രോഗിയാണെങ്കിൽ അവൻ സഭയിലെ ശ്രേഷ്ഠന്മാരെ വിളിക്കട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ തൈലാഭിഷേകം ചെയ്ത് അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. വിശ്വാസത്തോടുകൂടിയ പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും. കർത്താവ് അവനെ എഴുന്നേൽപ്പിക്കും. അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവിടുന്ന് അവനു മാപ്പുനൽകും. (യാക്കോബ് 5:14..16) | |
| 2 | "അവരുടെ വിശ്വാസം കണ്ട് ഈശോ തളർവാതരോഗിയോടു പറഞ്ഞു: മകനേ, നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു" (മർക്കോ. 2:5). | |